**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5042** **20-07-2022 - ൽ മറുപടിയ്ക്ക്**

**തങ്കളം കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ തങ്കളം കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; | (എ) | എറണാകുളം ജില്ലയിലെ ഇരമല്ലൂർ വില്ലേജിൽ ഉൾപ്പെട്ട 5.92 ഹെക്ടർ ഭൂമി കാക്കനാട് - കോതമംഗലം റോഡ് വീതി കൂട്ടുന്നതിന്നതിന്റെ ഭാഗമായി LARR Act 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം 30.01.2021 ലെ സ.ഉ.(അച്ചടി) നം. 14/2021/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനകം 19(1) പ്രഖ്യാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. എന്നാൽ, LAR ചട്ടം 4(6) പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ട പരിഹാരത്തുക അർത്ഥനാധികാരി കെട്ടി വെയ്ക്കാത്തത് മൂലം 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതും LARR Act 2013 ലെ സെക്ഷൻ 19(7) ലെ 2nd proviso പ്രകാരം സർക്കാറിന്റെ അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലയളവ് 18.01.2022 ലെ സ.ഉ.(അച്ചടി) നം. 34/2022/റവ, 18.04.2022 ലെ സ.ഉ.(അച്ചടി) നം. 130/2022/റവ എന്നിവ പ്രകാരം 01.11.2022വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക കെട്ടി വെയ്ക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം, അവാർഡ് എന്നിവ പാസ്സാക്കി സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുപ്പ് നടപടി പ്രതീക്ഷിച്ച വേഗതയിൽ മുന്നോട്ട് പോകുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. LARR Act 2013 ലെ സെക്ഷൻ 4(6) പ്രകാരം 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് അർത്ഥനാധികാരി നഷ്ടപരിഹാരത്തുക കെട്ടിവെയ്ക്കാത്തതു കൊണ്ടാണ് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകാൻ സാധിക്കാത്തത്. |
| (സി) | എറണാകുളം, ഇടുക്കി ജില്ലക്കാർക്ക് വളരെയധികം | (സി) | അലൈന്മെന്റിലെ അപാകത മൂലം പ്രസ്തുത |

| | | | |
|---|---|---|---|
| | പ്രയോജനം ലഭിക്കുന്ന പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ മറ്റ് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ? | | സ്ഥലമെടുപ്പ് നടപടികൾ പ്രതീക്ഷിച്ച വേഗത്തിൽ മുന്നോട്ട് പോയിട്ടില്ലാത്തതാണ്. സർവ്വേ നമ്പർ 348, 366 എന്നിവയിൽ കനാൽ പുറമ്പോക്ക് ഭൂമിയോടു ചേർന്ന് അലൈൻമെന്റ് പോകുന്നതിനാൽ പ്രസ്തുത ഭൂമിയുടെ സ്കെച്ചുകൾ ലഭ്യമായിട്ടില്ലാത്തതിനാലും, സർവ്വേ 314 BTR പ്രകാരം 192 ഏക്കർ 25 സെന്റ് സ്ഥലം ചെങ്കുത്തായ തരിശ് ഭൂമിയാണ് എന്നും ആയതിന്റെ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാലും സർവ്വെ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ